F

**POLICE DEPARTMENT**

**KERALA**

**No. U1-10543/2020/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 07-09-2020

From

സംസ്ഥാന പോലീസ് മേധാവി
കേരള

To

അഡീഷനൽ ചീഫ് സെക്രട്ടറി
ആഭ്യന്തര(എഫ്) വകുപ്പ്
കേരള സർക്കാർ തിരുവനന്തപുരം

Sir,

Sub : Noise Polution (Regulation and Control) Rules , 2000 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ സുഭാഷ് വലിയവേളി സമർപ്പിച്ച അപേക്ഷ - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് .

Ref : 1) സർക്കാർ കത്ത് നമ്പർ F1-11/2020 ആഭ്യന്തരം തീയതി 17/1/2020

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു

Noise Polution (Regulation and Control) Rules , 2000 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ സുഭാഷ് വലിയവേളി സമർപ്പിച്ച നിവേദനത്തിന്മേൽ എല്ലാ റേഞ്ച് DIG മാരിൽ നിന്നും റിപ്പോർട്ട് ശേഖരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ആരാധനാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെയും ആഭ്യന്തരവകുപ്പിൻറെയും നിർദേശങ്ങൾ കർശനമായി പാലിച്ച് വരുന്നതായും പൊതുജനങ്ങൾക്ക് ശല്യമാകാത്ത തരത്തിലുള്ളതുമായ ഉച്ചഭാഷിണികൾ സ്ഥാപിക്കുന്നതിന് എല്ലാ ആരാധനാലയങ്ങൾക്കും 149 CrPC പ്രകാരം നോട്ടീസ് നൽകി അനധികൃതമായി സ്ഥാപിച്ചിരുന്ന കോളാംബികളും മറ്റും നീക്കം ചെയ്തിട്ടുള്ളതായും ഉച്ചഭാഷിണി അനുവദനീയമായ ശബ്ദത്തിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റേഞ്ച് പോലീസ് മേധാവിമാരിൽ നിന്നും ലഭിച്ച റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു .

Yours faithfully

**Xaviour T F IPS**
**Assistant Inspector General**
For State Police Chief

U1-10543/2020/PHQ

912d5a

True copy under RTI Act

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

# പോലീസ് വകുപ്പ്

## കേരളം

**No. B1-3069/2020/TR**

റേഞ്ച് ഓഫീസ്,
തിരുവനന്തപുരം
igptvmrange.pol@kerala.gov.in
04712330768
തീയതി. 27-05-2020

പ്രേഷകൻ

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,
തിരുവനന്തപുരം റേഞ്ച്.

സ്വീകർത്താവ്

സംസ്ഥാന പോലീസ് മേധാവി,
കേരള, തിരുവനന്തപുരം.

Sir,

വിഷയം : Noise Pollution ( Regulation and Control) Rules, 2000 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. സുഭാഷ് .എസ് , വലിയവേളി സമർപ്പിച്ച അപേക്ഷ- റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് ;-

സൂചന : 27/02/2020 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നുള്ള സന്ദേശം നമ്പർ യു1-10543/2020/പിഎച്ച്ക്യു

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

Noise Pollution ( Regulation and Control) Rules, 2000 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. സുഭാഷ് .എസ് , വലിയവേളി സമർപ്പിച്ച അപേക്ഷയിന്മേലുള്ള ഖണ്ഡിക തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട പരാതികൾ ലഭ്യമായാൽ പോലീസ് കർശന നടപടി സ്വീകരിക്കുന്നതാണ്.ആരാധനാലയങ്ങളിലും പൊതുസ്ഥലങ്ങളിലും മറ്റും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെയും ആഭ്യന്തരവകുപ്പിൻറെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും, അനുവദനീയമായതും പൊതുജനങ്ങൾക്ക് ശല്യമാകാത്ത തരത്തിലുള്ളതുമായ ബോക്സ്പൈപ്പ് ഉച്ചഭാഷിണികൾ സ്ഥാപിക്കുന്നതിന് ഈ യൂണിറ്റ് പരിധിയിലുള്ള എല്ലാ ആരാധനാലയങ്ങൾക്കും മറ്റും 149 CrPC പ്രകാരം നോട്ടീസ് നൽകി അനധികൃതമായി സ്ഥാപിച്ചിരുന്ന കോളാമ്പികളും മറ്റും നീക്കം ചെയ്തിട്ടുള്ളതും, ബോക്സ് ടൈപ്പ് ഉച്ചഭാഷിണി തന്നെ അനുവദനീയമായ ശബ്ദത്തിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. കൂടാതെ മൈക്ക് സാങ്ഷന് അപേക്ഷ നൽകുന്ന അപേക്ഷകരോട് ആയത് സംബന്ധമായി കർശന നിർദ്ദേശം നൽകി വരുന്നതും, ടി നിർദ്ദേശങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ നോയിസ് പോല്യൂഷ്യൻ ( റഗുലർ ആൻഡ് കൺട്രോൾ ) റൂൾസ് 2000, 20/04/2004 ലെ കേരള ഗവൺമെൻറ് വിജ്ഞാപനം നമ്പർ എസ് .ആർ.ഒ 288/2002, കേരള പോലീസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതിന് എല്ലാ എസ് എച്ച് ഒ മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു.

2. ശബ്ദമലിനീകരണം നടത്തുന്നവർക്കെതിരെ മത വ്യത്യാസമില്ലാതെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

3. പോലീസ് , സർക്കാർ ഉത്തരവുകളും കോടതി ഉത്തരവുകളും കൃത്യമായി പാലിച്ച് വരുന്നുണ്ട്. ആയതിൽ യാതൊരു വീഴ്ചയും വരുത്തുന്നില്ല.

4. ബാധകമല്ല.

5. ഉച്ചഭാഷിണി മൂലമുള്ള ശബ്ദമലിനീകരണം തടയുവാനായി നോയിസ് പോല്യൂഷ്യൻ ( റഗുലർ ആൻഡ് കൺട്രോൾ ) റൂൾസ് 2000, 20/04/2004 ലെ കേരള ഗവൺമെൻറ് വിജ്ഞാപനം നമ്പർ എസ് .ആർ.ഒ 288/2002, കേരള പോലീസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം ലൈസൻസ് നല്കുന്നു.ടി ലൈസൻസ് നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും ചെയ്യുന്നു.

6. ആരാധനാലയങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ നടത്തി വരുന്ന പരിപാടികൾക്കായി രണ്ടു ബോക്സുകൾ



True copy under RJ Act
ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്നും ശബ്ദ തീവ്രത ആവാസ മേഖലയിൽ 55 DB വരെയേ പാടുള്ളൂ എന്നും കർശന നിർദ്ദേശം നൽകിയാണ് അനുമതി നൽകി വരുന്നത്.

7. ഉച്ചഭാഷിണി മൂലമുള്ള ശബ്ദമലിനീകരണത്തെ സംബന്ധിച്ച് ലഭിക്കുന്ന പരാതിയിന്മേൽ കൃത്യമായ നടപടി കൈക്കൊള്ളുന്നു. പരാതിക്കാരുടെ വിവരങ്ങൾ നിയമവിധേയമല്ലാത്ത രീതിയിൽ ആർക്കും കൈമാറുന്നില്ല.

8. നിയമം ലംഘിച്ച് അമിത ശബ്ദത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നവർക്കെതിരെ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

9. ഉച്ചഭാഷിണി മൂലമുള്ള ശബ്ദമലിനീകരണത്തെ സംബന്ധിച്ച് ലഭിക്കുന്ന പരാതിയിന്മേൽ കാലവിളംബരം കൂടാതെ നടപടി എടുക്കുന്നുണ്ട്.

10.a) ശബ്ദമലിനീകരണം നടത്തുന്നവർക്കെതിരെ മത വ്യത്യാസമില്ലാതെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് HI- TECH സംവിധാനങ്ങളോടെ സ്ക്വാഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിലും, വകുപ്പ് തലത്തിലും തീരുമാനമെടുക്കേണ്ടതാണ്.

b) ആരാധനാലയങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ നടത്തി വരുന്ന പരിപാടികൾക്കായി രണ്ടു ബോക്സുകൾ മാത്രമേ പ്രവർത്തിപ്പിക്കാവൂ എന്നും ശബ്ദ തീവ്രത ആവാസ മേഖലയിൽ 55 DB വരെയേ പാടുള്ളൂ എന്നും കർശന നിർദ്ദേശം നൽകിയാണ് അനുമതി നൽകി വരുന്നത്. പൊതു സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടില്ലാത്തതും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുതെന്നും, രാത്രി 10.00 മണിക്ക് ശേഷം ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുതെന്ന നിർദ്ദേശങ്ങൾ നൽകിയുമാണ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി വരുന്നത്.

c) ബാധകമല്ല

d) Mobile App കൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിലും, വകുപ്പ് തലത്തിലും തീരുമാനമെടുക്കേണ്ടതാണ്.

e) ലൈസൻസ് വ്യവസ്ഥയ്ക്ക് വിപരീതമായി പ്രവർത്തിക്കുന്ന വ്യക്തി/സ്ഥാപനം എന്നിവയ്ക്ക് എതിരെ നിയമ നടപടി കൈക്കൊള്ളുന്നതാണ്. മറ്റ് വ്യവസ്ഥകളിന്മേൽ സർക്കാർ തലത്തിലും, വകുപ്പ് തലത്തിലും തീരുമാനമെടുക്കേണ്ടതാണ്.

പ്രസ്തുത റിപ്പോർട്ട് അറിവിലേക്കും അനന്തരനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

Sanjay

കോറി സഞ്ജയ് കുമാർ ഗുരുഡിൻ ഐ പി എസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

B1-3069/2020/TR

1ca688

True copy under RI Act
Anitha

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

പോലീസ് വകുപ്പ്
കേരളം

**No. B1-4860/2020/ER**
റേഞ്ച് ഓഫീസ്,
എറണാകുളം
digekmrange.pol@kerala.gov.in
04842557500
തീയതി. 17-08-2020

പ്രേഷകൻ
ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ,
എറണാകുളം റേഞ്ച്.

സ്വീകർത്താവ്
സംസ്ഥാന പോലീസ് മേധാവി,
പോലീസ് ആസ്ഥാനം തിരുവനന്തപുരം .

സർ,,

വിഷയം : ശ്രീ.സുഭാഷ് എന്നയാളുടെ പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.-
സൂചന : 27/02/2020 തീയതിയിലെ U1-10543/2020/PHQ നമ്പറിലുള്ള ആസ്ഥാന കാര്യാലയത്തിലെ മേലെഴുത്ത് .

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മലിനീകരണ നിയന്ത്രണങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് സുഭാഷ് എന്നയാൾ സമർപ്പിച്ച പരാതിയിൽ ഖണ്ഡിക തിരിച്ചുള്ള റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ചുവടെ ചേർക്കുന്നു.

1. ഈ മേഖലയിൽ ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള കോടതി ഉത്തരവുകളും മറ്റ് മേലധികാരികളിൽ നിന്നു ലഭിച്ചിട്ടുള്ള ഉത്തരവുകളും കൃത്യമായി നടപ്പാക്കിയിട്ടുള്ളതും ടി ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്.

2. മേലധികാരത്തിൽ നിന്നു ലഭിച്ചിട്ടുള്ള ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട എല്ലാ പരാമർശങ്ങൾക്കും കൃത്യമായി മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

3. ഈ മേഖലയിൽ ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ ലഭിച്ചിട്ടുള്ള കോടതി ഉത്തരവുകളും മറ്റ് മേലധികാരികളിൽ നിന്നു ലഭിച്ചിട്ടുള്ള ഉത്തരവുകളും കൃത്യമായി നടപ്പാക്കിയിട്ടുള്ളതും ടി ഉത്തരവുകൾ അനുസരിച്ചു പ്രവർത്തിച്ചു വരുന്നതുമാണ്.

4. ക്ഷേത്രങ്ങളിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാത്തതും ആയത് സംബന്ധിച്ച് പരാതികൾ ഒന്നും ശ്രദ്ധയിൽപെട്ടിട്ടില്ലാത്തതുമാണ്.

6. ശബ്ദമലിനീകരണം നടത്തുന്ന ആളുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ഈ മേഖലയുടെ പരിധിയിൽ വരുന്ന എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

7. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് പരാതി നൽകുന്ന ആളുകളുടെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതും പരാതിയിൽ പറയുന്ന കാര്യങ്ങളെ പറ്റി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

8. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള കോടതി ഉത്തരവുകളും മറ്റ് മേലധികാരികളിൽ നിന്നും ലഭിച്ചിട്ടുള്ള നടപ്പാക്കിയിട്ടുള്ളതും ടി ഉത്തരവുകൾ അനുസരിച്ചു പ്രവർത്തിച്ചുവരുന്നതുമാണ്.

9. ശബ്ദമലിനീകരണം ശ്രദ്ധയിൽ പെട്ടാൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

10. (a) ശബ്ദ മലിനീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള കോടതി ഉത്തരവുകളും മറ്റ് മേലധികാരങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ഉത്തരവുകളും കൃത്യമായി നടപ്പാക്കിയിട്ടുള്ളതും ടി ഉത്തരവുകളനുസരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്.

(b) ഈ മേഖലയുടെ പരിധിയിൽ വരുന്ന ആരാധനാലയങ്ങളിലൊന്നും ഉച്ചഭാഷിണികൾ രഹസ്യമായി വച്ച് പ്രവർത്തിപ്പിക്കുന്നതായി വിവരം ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.
(C) ആരാധനാലയ പരിസരങ്ങളിൽ ബന്ധപെട്ടവരുടെ അപേക്ഷ പ്രകാരം 2 ബോക്കുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള



True copy under RJ Act
Anitha

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

അനുമതിയാണ് നിലവിൽ നൽകി വരുന്നത്. രണ്ടിൽ കൂടുതൽ ബോക്സുകൾ പ്രവർത്തിപ്പിച്ചാൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ എസ് എച്ച് ഒ മാർക്കും കർശന നിർദേശം നൽകിയിട്ടുള്ളതാണ്.

(d) പരാതിക്കാരൻ സൂചിപ്പിച്ചിട്ടുള്ള ആപ്പ് ഈ മേഖലയിൽ പ്രവർത്തനത്തിൽ ഇല്ല.
(e) ശബ്ദ മലിനീകരണം ശ്രദ്ധയിൽ പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ മേഖലയിലെ ആലപ്പുഴ, ഇടുക്കി, കോട്ടയം കൂടാതെ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടും അനുബന്ധ രേഖകളും അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

കാളിരാജ് മഹേഷ് കുമാർ എസ് ഐപിഎസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

B1-4860/2020/ER

2ac095

True copy under RTI Act

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

**പോലീസ് വകുപ്പ്**

**കേരളം**

**No. B1(a)-4158/2020/TSR**
റേഞ്ച് ഓഫീസ്,
തൃശ്ശൂർ
igptsrrange.pol@kerala.gov.in
04872425250
തീയതി. 11-05-2020

പ്രേഷകൻ

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,
തൃശ്ശൂർ റേഞ്ച്, തൃശ്ശൂർ.

സ്വീകർത്താവ്

സംസ്ഥാന പോലീസ് മേധാവി,
കേരളം, തിരുവനന്തപുരം

സർ,

വിഷയം : ശ്രീ.സുഭാസ് എസ് വലിയവേളി, നൽകിയ പരാതി -റിപ്പോർട്ട് അയക്കുന്നത് സം ബന്ധി ച്ച്

സൂചന : സംസ്ഥാന പോലീസ് മേധാവിയുടെ സന്ദേശം നമ്പർU1-10543/2020/PHQ തീയതി 27.02.2020

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

ശബ്ദ മലിനീകരണം റൂൾസ് 2000 - നടപ്പാക്കുന്നത് സംബന്ധിച്ച് ശ്രീ. സുഭാസ് എസ് വലിയവേളി നൽകിയ പരാതിയിന്മേൽ ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകുവാൻ മേൽ സൂചന പ്രകാരം നിർദേശിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ റേഞ്ചിലെ എല്ലാ ജില്ലാ പോലീസ് മേധാവിമാരോടും റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിക്കുകയും ആയതിൻറെ മറുപടി ലഭിച്ചിട്ടുള്ളതുമാണ്. ആയതിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഖണ്ഡിക തിരിച്ചുള്ള മറുപടി ഇതോടൊപ്പം സമർപ്പിക്കുന്നു.

1. ഉച്ചഭാഷിണികളുടെ ദുരുപയോഗത്തിനെതിരെയായി ലഭിക്കുന്ന പരാതികൾ ഗൗ രവമായി തന്നെ കണക്കാക്കി നടപടികൾ കൈക്കൊള്ളുന്നതാണ്.

2. മത വ്യത്യസമില്ലാതെ NPR Rules 2000 കർശനമായി നടപ്പാക്കുന്നതിന് നിർദേശം കൊടുത്തിട്ടുള്ളതും ആയത് പരിശോധിക്കുന്നതുമാണ് .

3. ബാധകമല്ല.

4. ബഹു. സുപ്രീം കോടതി /ഹൈക്കോടതി വിധികൾ കർശനമായി പാലിക്കുന്നതിനും NPR 2000 ഓർഡറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പാലിക്കുന്നതിനും എല്ലാ ആരാധനാലയങ്ങൾക്കും കർശന നിർദ്ദേശം നൽകുന്ന തിനു എല്ലാ ഐ .എസ്. എച്ച്. ഒ മാർക്കും കർശന നിർദേശം നൽകിയിട്ടുള്ളതുമാണ്. തൃശ്ശൂർ സിറ്റിയുടെ കീഴിലെ ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ സഹായത്തിനായി അറിയിപ്പുകളും, കാണാതെ പോകുന്നതും ,കണ്ടുകിട്ടുന്നതുമായ വസ്തുക്കളെ സംബന്ധിച്ചും , കൂട്ടംതെറ്റി പോകുന്ന ഭക്തർക്ക് സഹായകരമായ അറിയിപ്പുകൾ നല്കുന്നതിനുമായി ആണ് ഉച്ചഭാഷിണിയിലൂടെ അറിയിപ്പ് നടത്തി വരുന്നത്. മറ്റ് നിയമ ലംഘനങ്ങൾ ഒന്നും തന്നെ നടക്കുന്നതിനായി ശ്രദ്ധയിൽപെട്ടിട്ടില്ലാത്തതാണ്.

5. ബഹു കോടതിയുടെ നിർദേശങ്ങളും PHQ ഉത്തരവ് നമ്പർ U1/2206/12 & U6-30380/2002 എന്നിവ പ്രകാരമുള്ള നിർദേശങ്ങളും പാലിച്ചാണ് ഉച്ചഭാഷിണിക്കുള്ള അനുമതി നൽകി വരുന്നത്. മേൽ നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ബന്ധപെട്ട എസ്. എച്ച്. ഒ മാർ ഉറപ്പ് വരുത്തി വരുന്നതുമാണ്. നിലവിലെ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

6. ആരാധനാലയങ്ങളിലെ ആഘോഷങ്ങളുടെ ഭാഗമായി ആചാരങ്ങൾ , അനുഷ്ഠാനങ്ങൾ , കലാ പരിപാടികൾ എന്നിവ നടത്താനുള്ള അനുമതിക്കുള്ള അപേക്ഷകൾ പരിശോധിച്ച് അവ അനുവദനീയമാണോ എന്നും നിയമ അനുശാസിക്കുന്ന സമയത്ത് നടത്താനുള്ള അനുമതി നൽകി വരുന്നുണ്ട്. ഉച്ചഭാഷിണിയുടെ ഉപയോഗം മൂലം കത്തികുത്ത് , കൊലപാതകം ,മോഷണം തുടങ്ങിയ അനിഷ്ട സംഭവങ്ങൾ റേഞ്ച് പരിധിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതാണ്. ആയത് ശ്രദ്ധയിൽ പെടുന്ന പക്ഷം കർശന നടപടി സ്വീകരിക്കുവാൻ എല്ലാ എസ്. എച്ച് . ഒ.മാർക്കും നിർദേശം നല്കിയിട്ടുള്ളതാണ് .

B1(a)-4158/2020/TSR

a3e93f

True copy under RS Act
Anitha

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

7. നിയമ വിരുദ്ധമായി ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനെതിരെ പരാതി പെടുന്നവരുടെ വിവരങ്ങൾ മറ്റാർക്കും കൈമാറിയിട്ടില്ല എന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കർശന നടപടി സ്വീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

8. NPR Rules 2000 മത വ്യത്യാസമില്ലാതെ കർശനമായി പാലിക്കുന്നതിനു നിർദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിച്ചുവരുന്നതുമാണ് .

9.NPR Rules 2000 കർശനമായി പാലിക്കുന്നതിനു എല്ലാ ആരാധനാലയങ്ങളിലും നിർദേശം നൽകിയിട്ടുള്ളതും നടപടി സ്വീകരിക്കുന്നതുമാണ്.

10 എ) NPR Rules 2000 കർശനമായി പാലിക്കുന്നതിനു എല്ലാ ആരാധനാലയങ്ങളിലും നിർദേശം നൽകിയിട്ടുള്ളതും ആയതു പരിശോധിച്ച് വരുന്നതുമാണ് .

ബി)എല്ലാ ആരാധനാലയങ്ങളിലും സ്ഥാപിച്ചിട്ടുള്ള കോളാംബികൾ ഇളക്കി മാറ്റുന്നതിന് നോട്ടീസ് നൽകുന്നതിനു എല്ലാ എസ് എച്ച് ഒ മാർക്കും നിർദേശം നല്കിയിട്ടുള്ളതും ആയത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുവാൻ നിർദേശം നല്കിയിട്ടുള്ളതുമാണ്.

സി)കവലകളിലും മെയിൻ ജങ്ക്ഷനുകളിലും കോളാമ്പി ഉപയോഗിക്കുന്നതിനായി ശ്രദ്ധയിൽ . പെട്ടാൽ നിയമ നടപടി സ്വീകരിക്കുന്നതാണ്

ഡി) ബാധകമല്ല.

ഇ) NPR Rules 2000 ലംഘിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

സുരേന്ദ്രൻ എസ് ഐപിഎസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

81(a)-4158/2020/TSR

a3e93f

True copy under RTI Act

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

# പോലീസ് വകുപ്പ്
## കേരളം

**No. C1(a)-3208/2020/KR**
റേഞ്ച് ഓഫീസ്,
കണ്ണൂർ
gpknrrange.pol@kerala.gov.in
04972711500
തിയതി. 24-07-2020

പ്രേഷകൻ

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,
കണ്ണൂർ റേഞ്ച്, കണ്ണൂർ.

സ്വീകർത്താവ്

സംസ്ഥാന പോലീസ് മേധാവി,
കേരള, തിരുവനന്തപുരം.

സർ,,

വിഷയം : ശബ്ദ മലിനീകരണം സംബന്ധിച്ച ശ്രീ. സുഭാഷ് എസ് , വലിയവേളി സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച്.

സൂചന : സംസ്ഥാന പോലീസ് മേധാവിയുടെ 27/02/2020-തിയതിയിലെ U1-10543/2020/PHQ നമ്പർസന്ദേശം

മേൽ വിഷയത്തിലേക്കും, സൂചനയിലേക്കും അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

ജില്ലാ പോലീസ് മേധാവിമാരിൽ നിന്നു ലഭിച്ചത് തുടർ നടപടികൾക്കായ് ചുവടെ ചേർക്കുന്നു.സൂചന പ്രകാരം ആവശ്യപ്പെട്ട ഖണ്ഡിക തിരിച്ചുള്ള മറുപടി

1) Noise pollution (Regulation and Control)Rules 2000 കണ്ണൂർ റേഞ്ചിൽ കർശനമായ് നടപ്പാക്കി വരുന്നുണ്ട്.
2) ജില്ലകളിൽ നിയമം കർശനമായ് നടപ്പാക്കി വരുന്നു. എയർഹോൺ ഉപയോഗിച്ചതായ് കണ്ടെത്തിയ ബസ്സുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3) ബാധകമല്ല.
4) ബാധകമല്ല.
5) ശബ്ദമലിനീകരണവുമായ് ബന്ധപ്പെട്ട പരാതികളിന്മേൽ മുഴുവൻ നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുന്നു.
6) രാത്രികാലങ്ങളിലെ ഉത്സവ വേളകളിലും മറ്റും പോലീസിൻറെ സാന്നിധ്യം ഉറപ്പാക്കിയിട്ടുള്ളതാണ്.
7) പൊതു സമൂഹത്തിലുള്ള എല്ലാ ആൾക്കാർക്കും പോലീസ് സ്റ്റേഷനിലോ മറ്റ് പോലീസ് ഓഫീസുകളിലോ നേരിട്ടെത്താതെ ഇമെയിൽ വഴിയും,'തുണ' പോർട്ടൽ വഴിയും, ഇപ്പോൾ പുതുതായ് ആരംഭിച്ച 'POL APP' വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്.
8) ട്രാഫിക് കുറ്റങ്ങൾക്ക് എസ് ഐ മാർക്ക് നടപടി സ്വീകരിക്കാൻ കഴിയും. ശബ്ദമലിനീകരണത്തിന് എസ് എച്ച് ഒ മാർക്കും പൊല്യൂഷൻ കൺട്രോൾ റൂമിനും നടപടി സ്വീകരിക്കാൻ കഴിയും വിധം നിയമനിർമാണം നടത്തുകയും ഡെസിബൽ അളക്കുന്നതിനുള്ള ഉപകരണം പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കുകയും ചെയ്താൽ കൂടുതൽ ഫലപ്രദമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയും.
9) കൃത്യമായ നിയമലംഘനം ചൂണ്ടികാട്ടുന്ന പരാതികളിൽ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
10) സമയാ സമയങ്ങളിൽ ലഭിക്കുന്ന മേൽ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്നതാണ്. കൂടാതെ ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ചുള്ള നിയമങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ പാലിക്കപ്പെടുന്നുണ്ടെന്നും നിയമ വിരുദ്ധമായ് ഉച്ചഭാഷിണി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കര്ശന നിയമ നടപടി സ്വീകരിക്കുവാനും എല്ലാ എസ് എച്ച് ഒ മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതായ് ജില്ലാ പോലീസ് മേധാവിമാർ അറിയിച്ചിട്ടുണ്ട്.

ജില്ലാ പോലീസ് മേധാവിമാരിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

C1(a)-3208/2020/KR

9c8b2d

True copy under RJ Act
Anitha
ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram

കെ സേതു രാമൻ ഐപിഎസ്

ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

C1(a)-3208/2020/KR

9c8b2d

True copy under RTI Act

ANITHA RAJ. V
Section Officer
Home (F) Department
Government Secretariat, Thiruvananthapuram